

# സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ

## പാളയം ഇടവക ബുള്ളറ്റിൻ

പുസ്തകം 28 മേയ് 2022 ലക്കം 04

Patron

Very Rev. Msgr. Dr. Nicholas T.

Editorial Board

Rev. Fr. Tomy Thomas

Mr. L. A. Aloysius (Convener)

Mr. Shajan Martin A.G.

Mr. Shain Joseph

Mr. Sunil Elias

Mr. Jeron. A

Mr. Subhash R.

Mrs. Benedicta Gerard

Mrs. Suma Varghese

Mrs. Mary Kala. A

Mrs. Linda Pereira

Office Staff

Mrs. Laly Roy

## താളുകളിൽ


- വികാരിയച്ചന്റെ കത്ത് .......................3
- ഇടവക ഡയറി .................................. 5
- നീലകണ്ഠനിൽ നിന്നും.................... 6
- തൊഴിലാളി മദ്ധ്യസ്ഥൻ..........................8
- ഇടവക വാർത്തകൾ .........................12
- ദിവ്യബലി മദ്ധ്യേയുള്ള വായനകൾ.... 13
- പാപ്പാ വാർത്തകൾ ............................15
- ദിവ്യബലി ക്രമീകരണ നേതൃത്വം........17
- ബി.സി.സി. യോഗക്രമം...................... 18
- പ്രധാന തിരുനാളുകൾ ................... 21
- ബി.സി.സി. യൂണിറ്റ് യോഗം.............. 22

# ST. JOSEPH'S METROPOLITAN CATHEDRAL

**Phone : 0471-2320132 , e-mail : sjmcathedral@gmail.com**
**Website : www.st.josephscathedralpalayam.org**
**Face Book : palayampalliofficial**

| | | |
|---|---|---|
| Vicar | : | Very. Rev. Msgr. Dr. Nicholas T. |
| Assistant Vicar | : | Rev. Fr. Tomy Thomas |
| | | Rev. Fr. Makins Mathew |

Office Hours:**9.00 a.m. to 1 p.m. - 4.00 p.m. to 7.00 p.m.**
*(Sunday Holiday)*

## HOLY MASS

| | | |
|---|---|---|
| St. Joseph's Metropolitan Cathedral | | |
| | Sunday | 5.45 am, 7.00 am, 8.45 am<br>10.30 am (English),5.00 pm |
| | Week days | 6.00 am, 5.30 pm |
| St. Antony's Chapel Alummoodu | | |
| | Sunday | 8.30 am |
| | Tuesday | 5.30 pm |
| St. Sebastian's Chapel Kunnukuzhy | | |
| | Sunday | 7.15 am |
| | Week days | 6.00 am |
| Sancta Maria Old Age Home, Plamoodu | | |
| | Sunday | 6.00 am |
| | Week days | 6.30 am |
| Fathimamatha Chapel,Vanross Junction | | |
| | Sunday | 6.15 am |
| | Week days | 6.30 am |
| St. Joseph's H.S.S.Chapel | | |
| | Week days | 6.00 am |
| | Sunday | 6.30 am |

## NOVENA

Tuesday (St. Antony), 11.00 am, 5.30 pm, Wednesday (St. Joseph), 5.30 pm Thursday (St. Jude), 5.30 pm, Saturday (Our Lady of Perpetual Help). 6.00 am (English) 5.30 pm (Malayalam)

## CATECHISM CLASS

Sunday : 8.30 am to 9.45 am at the Cathedral Premises followed by Holy Mass

## CONFESSION

Weekdays : 7.00 am - 7.30 am, 5.00 pm - 5.30 pm, 6.15 pm to 7.00 pm

## മാസാദ്യവെള്ളി

6.15 pm - 7.15 pm ദിവ്യകാരുണ്യ ആരാധനയും കരുണക്കൊന്തയും



# വികാരിയച്ചന്റെ കത്ത്



### *ഇടവകദിനാശംസകൾ*

പ്രിയരെ,

**വി**ശ്വസിക്കുക എന്നാൽ ഹൃദയം കൊടുക്കലാണ്. അത് ദൈവത്തിനും സഭയ്ക്കും സമൂഹത്തിനും പ്രപഞ്ചത്തിനും നല്കുന്നതാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. സഭാ മക്കൾക്കെല്ലാം വിശ്വാസം പകർന്നു കൊടുക്കണം.

തലമുറകളിലേക്ക് വിശ്വാസകൈമാറ്റം നടത്തണം. ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ അധരവും ശ്രവണേന്ദ്രിയങ്ങളും തുറന്നു തന്നത് ശ്രവിക്കാനും ലോകമെങ്ങും പോയി പ്രഘോഷിക്കാനുമാണ്.

കുളച്ചൽ യുദ്ധത്തിന്റെ അനന്തരഫലമായിട്ടാണ് ഡിലനായ് ഡോണായ് എന്ന സേനാനായകന്മാരെ യുദ്ധത്തടവുകാരായ് പിടിക്കപ്പെട്ടതും അവരെ മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ സൈന്യത്തിന് ആധുനിക ആയുധമുറകൾ പഠിപ്പിക്കാൻ നിയോഗിച്ചതും അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാൻ നീലകണ്ഠപിള്ളയെ നിയോഗിക്കുകയും ചെയ്തത്.

ഡിലനായ് ഡോണായ് എന്നിവരോടുള്ള സഹവാസം നീലകണ്ഠപിള്ളയെ ലാസറാക്കി, ദേവസഹായംപിള്ളയാക്കി. ദേവസഹായം ഏറെ കഷ്ടതകൾ സഹിച്ച് അവസാനം വെടിയേറ്റു മരിച്ചു. ക്രിസ്തുവിലുള്ള വിശ്വാസം പ്രഖ്യാപിച്ച ദേവസഹായം പിള്ളയെ ഫ്രാൻസിസ് പാപ്പ 2022 മെയ് 15 ന് ഭാരതത്തിലെ ആദ്യത്തെ അല്മായ രക്തസാക്ഷിയായി പ്രഖ്യാപിച്ച് വിശുദ്ധരുടെ ഗണത്തിൽ ഉയർത്തി നമ്മുടെ വണക്കത്തിനായി സ്ഥാപിക്കും.

പ്രതികൂല സാഹചര്യങ്ങളിലും ജീവിത പരാജയങ്ങളിലും

ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിച്ചു ജീവിച്ച സ്നേഹനായക രായ ഡിലനായിയും ഡോണായിയും പ്രേഷിത പ്രവർത്തനത്തിനു മാതൃകയാണ്. ക്ലേശത്തിന്റെ അപ്പം ഭക്ഷിക്കുമ്പോഴും ദൈവം നമ്മിൽ നിന്നു മറഞ്ഞിരിക്കുകയില്ല (ഏശയ്യ: 30:20) എന്ന വിശ്വാസം എത്രയോ മനോഹരം. നാമൊക്കെ നമ്മുടെ വിശ്വാസജിവിതത്തിൽ മുറുകെപിടിക്കുന്നവരാകണം.

ദൈവം നൽകിയ കഴിവുകളെ പ്രകടിപ്പിക്കുന്ന വേദിയാണ് തൊഴിൽ. തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ ജീവിതം ഇങ്ങനെയാണ് ക്രമീകരിക്കുന്നത്. അവൻ എഴുന്നേറ്റ് ദൈവം കല്പിച്ചതുപോലെ പ്രവർത്തിച്ചു. ദൈവത്തിന്റെ സ്വരം ഇതാണ്: നല്കപ്പെട്ടിരിക്കുന്ന കഴിവുകൾ, തൊഴിലുകൾ, ദൈവരാജ്യാനുഭവത്തിനുവേണ്ടി ക്രമീകരിക്കുക എന്നതാണ്. അങ്ങനെയൊരു ക്രമീകരണം നടക്കുന്നതിലൂടെ വ്യക്തിയും സമൂഹവും ദൈവരാജ്യ ശുശ്രൂഷകരാകും, യഥാർത്ഥ തൊഴിലാളികളാകും.

ദേവസഹായം പിള്ള നമ്മുടെ മിഷൻ ചൈതന്യത്തെ തൊട്ടുണർത്തട്ടെ. വി. യൗസേപ്പ് പിതാവ് നമ്മുടെ തൊഴിൽ മേഖലകളെ വിശുദ്ധീകരിക്കുകയും ദൈവരാജ്യാനുഭവത്തിലേയ്ക്ക് നയിക്കുകയും ചെയ്യട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ: നിക്കൊളസ് ടി**
ഇടവക വികാരി

**നൊവേന**

**മേയ് ഒന്നു മുതൽ വിവിധ നൊവേനകൾ പുന:രാരംഭിക്കുന്നു.**

വി. ആന്റണി - ചൊവ്വാഴ്ച രാവിലെ 11, വൈകുന്നേരം 5.30
വി. ജോസഫ് - ബുധനാഴ്ച വൈകുന്നേരം 5.30
വി. ജൂഡ് - വ്യാഴാഴ്ച വൈകുന്നേരം 5.30
നിത്യസഹായമാതവ് : ശനിയാഴ്ച രാവിലെ 6 മണി
വൈകുന്നേരം 5.30

# ഇടവക ഡയറി മേയ് 2022

| | | |
|---|---|---|
| 1. | **സൊഡാലിറ്റി പ്രാർത്ഥന:** | ഞായർ: രാവിലെ 10 മണി |
| 2. | **ലീജിയൻ ഓഫ് മേരി** | |
| | **a) സകല മാലാഖമാരുടെയും രാജ്ഞി പ്രസീദിയം** | ഞായർ: വൈകുന്നേരം 5 മണി (കുന്നുകുഴി ചാപ്പലിൽ) |
| | **b) സ്വർഗ്ഗാരോപിത മാതാ പ്രസീദിയം** | ബുധൻ: വൈകുന്നേരം 4 മണി |
| 3. | **അൽമായ കർമ്മെലീത്താ സഭ (മൂന്നാം സഭ)** | മൂന്നാം ശനി: ഉച്ചകഴിഞ്ഞ്: 3.30 മണി |
| 4. | **കൊമ്പ്രിയസഭ കൗൺസിലും പൊതുയോഗവും** | 08.05.2022: ഉച്ചകഴിഞ്ഞ് 3.00 മണി |
| 5. | **ലാറ്റിൻ കാത്തലിക്ക് സർവ്വീസ് സൊസൈറ്റി** | രണ്ടാം ബുധൻ: ഉച്ചകഴിഞ്ഞ് 3 മണി |
| 6. | **സെ.വിൻസെന്റ് ഡി പോൾ സൊസൈറ്റി (സെ. ജോസഫ് കോൺഫറൻസ്)** | ഞായർ: രാവിലെ 10 മണി |
| 7. | **അഷേഴ്സ് മീറ്റിംഗ്** | ഞായർ: വൈകുന്നേരം 6.30 മണി |
| 8. | **ബി.സി.സി. ലീഡേഴ്സ് മീറ്റിംഗ്** | രണ്ടാം ശനി ഉച്ചകഴിഞ്ഞ് 3 മണി |

# നീലകണ്ഠനിൽ നിന്നും ദേവസഹായത്തിലേക്കുള്ള ദൂരം:

*അലോഷ്യസ് എൽ. എ.*



**വേ**ണാട് എന്ന ചെറുരാജ്യത്തെ, വിസ്തൃതമായ തിരുവിതാംകൂർ എന്ന രാജ്യമാക്കി വിപുലീകരിച്ച മാർത്താണ്ഡവർമ്മ മഹാരാജാവ് മലയാളികൾക്ക് പ്രത്യേകിച്ച് പഴയ തിരുവിതാംകൂർകാർക്ക് വീരപുരുഷനാണ്. 'മാർത്താണ്ഡവർമ്മ' എന്ന ചരിത്രനോവൽ ഈ രാജാവിന് ഇതിഹാസ തുല്യമായ പരിവേഷം ചാർത്തി നൽകി. ആ കാലഘട്ടത്തിലെ ഒരു ചരിത്രസംഭവം, എന്നാൽ ചരിത്രപുസ്തകങ്ങളിൽ നാം കാണാത്ത സംഭവം, വെളിപ്പെടുത്തുന്നതാണ് അവിഭക്ത കൊച്ചി രൂപതയുടെ മെത്രാനായിരുന്ന ബിഷപ്പ് ക്ലെമെൻസ് ജോസഫ് ഡി. ലെയ്ത്തയുടെ "ആദ്‌ലിമ്ന" റിപ്പോർട്ട്. 1756 നവംബർ 15-ന് ബെനഡിക്ട് 14-ാം പാപ്പക്ക് സമർപ്പിച്ച റിപ്പോർട്ടിൽ തെക്കൻ തിരുവിതാംകൂറിന്റെ വേദസാക്ഷിയായ ദേവസഹായംപിള്ളയുടെ ജീവചരിത്രം വരച്ചു കാട്ടുന്നു.

ഈ 'ആദ്‌ലിമ്ന' റിപ്പോർട്ടിന് വിശുദ്ധ പദവിയിലേയ്ക്ക് എത്തുന്ന ദേവസഹായംപിള്ളയുടെ നാമകരണ നടപടികളിൽ സുപ്രധാന പങ്കുണ്ട്.

ഇന്നത്തെ കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തിന് അടുത്ത്, നട്ടാലം എന്ന സ്ഥലത്ത് 1712 ലാണ് നീലകണ്ഠപിള്ള ജനിച്ചത്. തിരുവിതാംകൂർ രാജകൊട്ടാരത്തിലെ ഉന്നത ഉദ്യോഗസ്ഥനായിരിക്കെയാണ് സർവ്വ സൈന്യാധിപനായ (ദളപതി) ഡിലനോയിയുടെ കൂടെ പ്രവർത്തിക്കാൻ അവസരം ലഭിച്ചത്. 1741-ൽ

നടന്ന കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ടയാളാണ് ഡച്ച് സൈന്യാധിപനായ ഡിലനോയി. ഡിലനോയിയുടെ ബഹുമുഖ കഴിവുകൾ മനസിലാക്കിയിട്ടാവണം, യൂറോപ്യൻ മാതൃകയിൽ തിരുവിതാംകൂർ സൈന്യത്തെ പരിശീലിപ്പിക്കാനായി അദ്ദേഹത്തെ രാജാവ് നിയോഗിച്ചത്. അദ്ദേഹത്തിന്റെ വിശ്വസ്തതയും കാര്യപ്രാപ്തിയും കണ്ടിട്ട്, രാജാവ് ഡീലനോയിക്ക് അനേകം ഉത്തരവാദിത്വങ്ങൾ നൽകി. അതിന്റെ ഭാഗമാണ് ഉദയഗിരിക്കോട്ട പുതുക്കി പണിയാനുള്ള നിയോഗം. ഉദയഗിരികോട്ടയുടെ നിർമ്മാണ മേൽനോട്ടത്തിന് കൊട്ടാരം പ്രതിനിധിയായി നിയോഗിക്കപ്പെട്ടത് നീലകണ്ഠനേയും.

ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ രണ്ട് മഹാ വ്യക്തിത്വങ്ങളുടെ കണ്ട്മുട്ടലിന് ദൈവം ഉദയഗിരികോട്ടയെ നിമിത്തമാക്കി എന്ന് ചിന്തിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ദൈവാന്വേഷികളായ 'സാധകർ' കണ്ട് മുട്ടിയാൽ സംഭവിക്കുന്നത് തന്നെ ഇവിടെയും സംഭവിച്ചു. സ്വാഭാവികമായും അവർ തങ്ങളുടെ വിശ്വാസങ്ങൾ സംബന്ധിച്ച് സംവാദം നടത്തിയിട്ടുണ്ടാവും. ദീർഘകാലത്തെ സംവാദത്തിനൊടുവിൽ നീലകണ്ഠൻ തിരിച്ചറിഞ്ഞു, തന്റെ ഉള്ളിന്റെയുള്ളിലെ നീറ്റലിന് പരിഹാരം, തന്റെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉള്ള തൃപ്തികരമായ ഉത്തരം ക്രിസ്തുവിലാണെന്ന്. തന്റെ ആത്മാവിന് ശാന്തി ലഭിക്കാൻ ക്രിസ്തുവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കണമെന്ന തിരിച്ചറിവിൽ നിന്നാണ് വടക്കൻകുളത്തെ സെന്റ് മേരീസ് ദൈവാലയത്തിലെ ബുട്ടാരിയച്ചന്റെ മുമ്പിൽ അദ്ദേഹത്തെ എത്തിച്ചത്. രാജകൊട്ടാരത്തിലെ ഉന്നത ഉദ്യോഗസ്ഥനും സവർണ്ണനുമായ ഒരാൾ ക്രിസ്തുമത വിശ്വാസം സ്വീകരിച്ചാൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് അറിയാമായിരുന്ന ബുട്ടാരിയച്ചൻ നീലകണ്ഠനെ നിരുത്സാഹപ്പെടുത്താനാണ് ശ്രമിച്ചത്. എന്നാൽ നീലകണ്ഠന്റെ നിശ്ചയദാർഢ്യത്തിന് മുമ്പിൽ ആ വന്ദ്യ പുരോഹിതന് കീഴടങ്ങാതെ തരമില്ലാതെ വന്നു. അങ്ങനെ ദീർഘനാളത്തെ കാത്തിരിപ്പിനും പഠനത്തിനുമൊടുവിൽ 1745 മേയ് 14ന് നീലകണ്ഠപിള്ള ലാസർ അഥവ ദേവസഹായംപിള്ള എന്ന പേരിൽ ക്രിസ്തുമതം പുൽകി.

*തുടർച്ച 14-ാം പേജിൽ...........*

# തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്



*ഷൈനി തോമസ്*



**മെ**യ് ഒന്ന്, ആഗോളകത്തോലിക്കാസഭ വി. യൗസേപ്പിനെ തൊഴിലാളികളുടെ മധ്യസ്ഥനായി ഓർമ്മിക്കുന്നദിനം. ചരിത്രത്തിന്റെ ഏടുകളിലേയ്ക്ക് നാം കണ്ണോടിക്കുമ്പോൾ വി. യൗസേപ്പിനെ, പ്രത്യേകവിധമായി സഭ ഉയർത്തിക്കാണിക്കുന്നത് രണ്ടു ദിനങ്ങളിലാണ്. (1) മാർച്ച് 19 (മരണതിരുനാളും), (2) മെയ് 1 (തൊഴിലാളിദിനവും). സ്നേഹവും, വിശ്വസ്തതയും, കഠിനാധ്വാനവും കൂടിചേരുമ്പോൾ ആത്മീയതയുടെ ആത്മാർത്ഥത പുനർജനിക്കുന്നു. തന്റെ എളിയ ജീവിതത്തിൽ, രക്ഷാകരകർമ്മത്തിൽ പങ്കുചേരാൻ ദൈവം നീതിമാനായ വി.യൗസേപ്പിനെ ക്ഷണിക്കുന്നു. ദൈവ-മനുഷ്യബന്ധത്തിന്റെ അപാരത നാമിവിടെ ദർശിക്കുന്നു. ദാവീദിന്റെ വംശത്തിൽപ്പെട്ട അദ്ദേഹം തികഞ്ഞ ഒരു മരപ്പണിക്കാരനായിരുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചുകൊണ്ട്, തൊഴിലിന്റെ മാഹാത്മ്യം അവിടുന്ന് വെളിപ്പെടുത്തുകയായിരുന്നു. മറ്റൊരർത്ഥത്തിൽ വി.യൗസേപ്പ് എല്ലാ തൊഴിലാളികളുടേയും മാതൃകയാണ്. നമ്മെ പാപത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കാനായി, വിണ്ണിൽ നിന്നും ഈ ഭൂമിയിലേക്ക് പിറന്നുവീണ രക്ഷകൻ പോലും അറിയപ്പെട്ടിരുന്നത് തച്ചന്റെ മകനായിട്ടാണ്.

അന്ധകാരാവൃതമായ ഈ ലോകത്തിൽ, വെളിച്ചത്തിന്റെ കതിർവീശിക്കൊണ്ട് ദരിദ്രരുടേയും, ആലംബഹീനരുടേയും, കുടുംബങ്ങളുടേയും, ആരോരുമില്ലാത്തവരുടേയും, പ്രതീക്ഷയറ്റവരു

ടേയും വഴിവിളക്കായി തെളിഞ്ഞവനാണ് വി. യൗസേപ്പ്. കുടുംബത്തിൽ വിശ്വസ്തതയോടെ, അധ്വാനിച്ച് ജീവിക്കണമെന്നും, ഏതൊരു ജോലിയും മഹത്വമുള്ളതാണെന്നും വി.യൗസേപ്പ് നമുക്ക് കാണിച്ചുതരുന്നു. ക്ഷമയുടേയും ആത്മവിശ്വാസത്തിന്റേയും മൂർത്തീഭാവമായിരുന്നു അവിടുന്ന്.

നിരവധികാര്യങ്ങളുടെ മധ്യസ്ഥനും, സഹായകനും കൂടിയായ വി.യൗസേപ്പ് പിതാവ് 5 കാര്യങ്ങൾക്ക് നമുക്ക് മാതൃകയാണ്.

**1. കുടുംബങ്ങളുടെ കാവൽക്കാരൻ**

വി. മത്തായി 1:19ൽ എങ്ങനെയാണ് കുടുംബങ്ങൾ യൗസേപ്പിതാവിനെ മാതൃകയാക്കേണ്ടതെന്ന് പറഞ്ഞു വച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ട മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. ഇവിടെ തന്റെ മുന്നിൽ നിൽക്കുന്നയാൾക്കുകൊടുക്കുന്ന പ്രാധാന്യമാണ് കാണിക്കുന്നത്. ജീവിതപങ്കാളിയെ ജീവനുതുല്യം സ്നേഹിക്കുക, ബഹുമാനിക്കുക, ആദരിക്കുക, അംഗീകരിക്കുക. അപമാനിക്കുന്നത് തിന്മയാണ്, പാപമാണ്, ദൈവനിന്ദയാണ്. ഏതു പ്രതിസന്ധിയിലും നിശബ്ദമായി കുടുംബത്തെനയിച്ച അദ്ദേഹം നമുക്ക് ഒരു വലിയ മാതൃകയാണ്. ഒപ്പം ഐക്യത്തിനും, ഒത്തൊരുമയിലും, ഇല്ലായ്മയിലും ഒന്നിച്ചു പോകണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

**2. സഭയുടെ കാവൽപ്പിതാവ്**

നമ്മുടെ ജീവിതം മറ്റുള്ളവർക്ക് കാവലായിതീരേണ്ടതാണ്. ഇത് ഒരുവലിയ ശുശ്രൂഷാമനോഭാവമാണ്. വലിയവനെന്നോ, ചെറിയവനെന്നോ, വ്യത്യാസമില്ലാതെ എല്ലാവരിലേക്കും നമ്മുടെ സാന്നിധ്യം എത്തണം. മറ്റുള്ളവർക്ക് വെളിച്ചം നൽകി, വഴികാട്ടിയായി, അവരെ വഴിനടത്തിക്കൊണ്ട് ദൈവമാകുന്ന ലക്ഷ്യത്തിലേക്കടുപ്പിക്കാൻ നമുക്കാവണം.

**3. ബ്രഹ്മചാരികളുടെ സംരക്ഷകൻ**

സന്യസ്തജീവിതം നയിച്ചാലും, ഏകസ്ഥജീവിതം നയിച്ചാലും ബ്രഹ്മചാരികളായി നിലകൊള്ളുന്നവർക്ക് ഒരു വലിയ ലക്ഷ്യമുണ്ട്, തുറന്നു കിടക്കുന്ന ചക്രവാളങ്ങളുണ്ട്. അത് ശുശ്രൂഷയുടേതാണ്. ശുശ്രൂഷാ മേഖലകളിൽ രോഗിയുടെ കരം പിടിച്ചും, അറിവിന്റെ മേഖലകളിൽ ജ്ഞാനത്തിന്റെ തിരിതെളിച്ചും, എല്ലാവ

രാലും വെറുത്തുപേക്ഷിച്ചവർക്ക് ഒരുകൈ സഹായം നൽകി ക്കൊണ്ടും ജീവിതങ്ങൾക്ക് അർത്ഥം പകർന്നു നൽകാനാവും.

**4. തൊഴിലാളികളുടെ മധ്യസ്ഥൻ**

തൊഴിൽ ശാപമല്ല; മറിച്ച് ഒരനുഗ്രഹമാണെന്ന് വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നു. തിരുക്കുടുംബത്തെപോറ്റിയത് കഠി നാധ്വാനം ചെയ്തുകൊണ്ടാണ്. നമ്മെ ഭരമേല്പിക്കുന്ന ഉത്തരവാ ദിത്വങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കണമെന്നും, തൊഴിലി നോട് ആഭിമുഖ്യം വേണമെന്നും പഠിപ്പിക്കുന്നു.

**5. നന്മരണമധ്യസ്ഥൻ**

നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം നല്ല മരണമാണ്. നല്ല മരണത്തിനുവേണ്ടി പ്രാർത്ഥിച്ച് ജീവിക്കണം. ഒരു മരം എങ്ങോട്ടാണോ ചായുന്നത്, അങ്ങോട്ടായിരിക്കും അത് വീഴു ക. ഞാനും നിങ്ങളും എങ്ങനെയാണോ ജീവിക്കുന്നത് ആ ഭാഗ ത്തേയ്ക്കായിരിക്കും നമ്മുടെ വീഴ്ചയും. സ്വർഗ്ഗത്തിലേക്ക് ചാഞ്ഞു നില്ക്കാൻ, നന്മയിലേക്ക് ചാഞ്ഞു നില്ക്കാൻ, മൂല്യങ്ങളിലേക്ക് ചാഞ്ഞുനില്ക്കാൻ അങ്ങനെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് സാധിക്കണം.

വി. യൗസേപ്പ് മരണശയ്യയിൽ കിടക്കുന്നവരുടേയും, പ്രേഷി തവൃത്തിയിൽ ആയിരിക്കുന്നവരുടേയും മധ്യസ്ഥനായി വണങ്ങ പ്പെടുന്നു. കാലാകാലങ്ങളായി മെയ്ദിനം അധ്വാനിക്കുന്നവർക്കും, വിവിധതരം പണിയെടുക്കുന്നവർക്കുംവേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിന മാണ്. ഈ തിരുനാൾ തൊഴിലിന്റെ അന്തസ്സിനെ ഉയർത്തിപ്പിടിക്കു കയും, തൊഴിലാളി സംഘടനകൾക്ക് ഒരു ആത്മീയവശം നൽകു കയും ചെയ്യുമെന്ന് പീയൂസ് പന്ത്രണ്ടാമൻ പാപ്പ പറഞ്ഞിട്ടുണ്ട്.

പാപ്പമാരായ ജോൺ ഇരുപത്തിമൂന്നാമൻ, പോൾ ആറാമൻ, ജോൺപോൾ രണ്ടാമൻ എന്നിവർ പുറത്തിറക്കിയ രേഖകളിലും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിലും വി.യൗസേപ്പിന്റെ മാതൃക അവലംബിച്ച് ഒരാളുടെ തൊഴിലിലേക്ക് ഊറിയിറങ്ങേണ്ട ക്രിസ്തീയ ആത്മീയതയെക്കുറിച്ച് പരാമർശങ്ങളുണ്ട്.

## ഇടവകമധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്

നമ്മുടെ ഇടവക വി. യൗസേപ്പിന്റെ പ്രാർത്ഥനകളാൽ ഭദ്ര മാണ്. ഉള്ളൊന്നുവിതുമ്പി, പ്രാർത്ഥനയുടെ ആഴങ്ങളിൽ വിശ്വാ സമർപ്പിച്ച് വി. യൗസേപ്പിന്റെ പക്കലണയുമ്പോൾ അവിടുന്ന് മധ്യ

സ്ഥനായി നമ്മോടൊപ്പം നിൽക്കുന്നു.

വി. യൗസേപ്പിന്റെ നാമധേയത്തിലുള്ള നമ്മുടെ ദൈവാലയത്തിൽ, ഇന്ന് വിവിധ സ്ഥലങ്ങളിൽ നിന്നും, ജാതിമതഭേദമെന്യേ ആളുകൾ വി. യൗസേപ്പിന്റെ മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കാൻ കടന്നുവരുന്നുണ്ട്. നമ്മുടെ നൊമ്പരങ്ങളിൽ ആശ്വാസം പകർന്നും, ജീവിതവ്യഗ്രതകളിൽ സമാശ്വസിപ്പിച്ചും, ധൈര്യമില്ലായ്മയിൽ ആത്മബലം നൽകിയും ഒറ്റപ്പെടലിന്റെ നേരങ്ങളിൽ സന്തതസഹചാരിയായും വി. യൗസേപ്പ് നമ്മോടൊപ്പമുണ്ട്. ആർത്തലച്ചുയരുന്ന കടലുപോലെ, മനസ്സ് പ്രക്ഷുബ്ധമാകുമ്പോൾ വിശ്വാസികൾ വി. യൗസേപ്പിന്റെ പക്കൽ ഓടിവരികയും തങ്ങളുടെ ദുഃഖങ്ങളും എണ്ണമറ്റ അപേക്ഷകളും യാചനകളും അവിടുത്തെ സന്നിധിയിൽ സമർപ്പിച്ച് തിരികെ പോകുമ്പോൾ, ആഴിയുടെ അടിത്തട്ടിലുള്ള ശാന്തതയാൽ, ഉള്ള് സന്തോഷത്താൽ നിറയുന്ന കാഴ്ചയാണ് നമ്മുടെ ഇടവകയിൽ നാം കാണുന്നത്.


## WANTED BRIDE



Name : ROY V HANOCK

Date of Birth : 18.07.1991

Height : 5 Feet 11 inch (180 cm)

Mother : Vilsy Hanock

Qualification : Mechanical Eng. Diploma

(Working in Kuwait National Petroleum Company)

Marthoma, Prefer – LC

Mob : **9847215429**

## ഇടവക വാർത്തകൾ

**ഇടവകദിനാഘോഷം :** മേയ് മാസം ഒന്നാം തീയതി, ഞായറാഴ്ച നമ്മുടെ ഇടവക ദിനമായി ആചരിക്കുന്നു. അന്നേ ദിവസം വൈകുന്നേരമുള്ള ദിവ്യബലിക്ക് ശേഷം ഓഡിറ്റോറിയത്തിൽ പൊതുസമ്മേളനം ഉണ്ടായിരിക്കും.

**പ്രേഷിത പ്രവർത്തനം :** ലാറ്റിൻ കാത്തലിക് സർവ്വീസ് സൊസൈറ്റി മെട്രോപൊളിറ്റൻ സോണിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമായി സെന്റ് എലിസബത്ത് യൂണിറ്റംഗമായ ടെഡി ഡിക്രൂസിന് വേണ്ടി നിർമ്മിച്ച വീടിന്റെ ആശീർവാദവും താക്കോൽ ദാനവും ബഹു. സഹവികാരി ടോമി തോമസ് അച്ചൻ 26.04.22ന് നിർവ്വഹിച്ചു.

**കൃതജ്ഞതാബലി:** വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന മേയ്മാസം 15-ാം തീയതി വൈകുന്നേരം 5 മണിക്ക് നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പൊലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിക്കപ്പെടുന്നു.

**മെരിറ്റ് അവാർഡ്:** ഇടവക ദിനത്തോട് അനുബന്ധിച്ച് നടക്കുന്ന പൊതുയോഗത്തിൽ വച്ച് മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് മെരിറ്റ് അവാർഡ് നൽകുന്നു.

**വിദ്യാഭ്യാസ സഹായം:** രൂപതയുടെ 'സുകൃതം' സ്കോളർഷിപ്പായി നമ്മുടെ ഇടവകാംഗങ്ങളായ അന്നാ മറിയത്തിന് 20,000 രൂപയും ജോഷ്വാ വി. ഗോമസ്സിന് 25000 രൂപയും ലഭിച്ചു.



## ജ്ഞാനസ്നാനം സ്വീകരിച്ചു

| | |
|---|---|
| 27.03.2022 | നോയെല്ല ബി. |
| 27.03.2022 | ഇവാമരിയ എസ്. അഗസ്റ്റിൻ |

# ദിവ്യബലി മദ്ധ്യേയുള്ള വായനകൾ



| 2022 മേയ് | സുവിശേഷം | ഒന്നാം / രണ്ടാം വായനകൾ |
|---|---|---|
| 1 ഞായർ | യോഹ 21:1-19 | അപ്പ 5:27-32, 40b-41, വെളി 5:11-14 |
| 2 തിങ്കൾ | യോഹ 6:22-29 | അപ്പ 6:8-15 |
| 3 ചൊവ്വ | യോഹ 14:6-14 | 1 കൊറി 15:1-8 |
| 4 ബുധൻ | യോഹ 6:35-40 | അപ്പ 8:1b-8 |
| 5 വ്യാഴം | യോഹ 6:44-51 | അപ്പ 8:26-40 |
| 6 വെള്ളി | യോഹ 6:52-59 | അപ്പ 9:1-20 |
| 7 ശനി | യോഹ 6:60-69 | അപ്പ 9:31-42 |
| 8 ഞായർ | യോഹ 10:27-30 | അപ്പ 13:14, 43-52, വെളി 7:9, 14b-17 |
| 9 തിങ്കൾ | യോഹ 10:1-10 | അപ്പ 11:1-18 |
| 10 ചൊവ്വ | യോഹ 10:22-30 | അപ്പ 11:19-26 |
| 11 ബുധൻ | യോഹ 12:44-50 | അപ്പ 12:24-13:5a |
| 12 വ്യാഴം | യോഹ 13:16-20 | അപ്പ 13:13-25 |
| 13 വെള്ളി | യോഹ 14:1-6 | അപ്പ 13:26-33 |
| 14 ശനി | യോഹ 15:9-17 | അപ്പ 1:15-17, 20-26 |
| 15 ഞായർ | യോഹ 13:31-33a, 34-35 | അപ്പ 14:21-27 |
| 16 തിങ്കൾ | യോഹ 14:21-26 | അപ്പ 14:5-18 |
| 17 ചൊവ്വ | യോഹ 14:27-31a | അപ്പ 14:19-28 |
| 18 ബുധൻ | യോഹ 15:1-8 | അപ്പ 15:1-6 |
| 19 വ്യാഴം | യോഹ 15:9-11 | അപ്പ 15:7-21 |
| 20 വെള്ളി | യോഹ 15:12-17 | അപ്പ 15:22-31 |
| 21 ശനി | യോഹ 15:18-21 | അപ്പ 16:1-10 |
| 22 ഞായർ | യോഹ 14:23-29 | അപ്പ 15:1-2, 22-29, വെളി 21:10-14,22-23 |
| 23 തിങ്കൾ | യോഹ 15:26-16:4a | അപ്പ 16:11-15 |
| 24 ചൊവ്വ | യോഹ 16:5-11 | അപ്പ 16:22-34 |

| | | |
|---|---|---|
| 25 ബുധൻ | യോഹ 16:12-15 | അപ്പ 17:15,22-18:1 |
| 26 വ്യാഴം | യോഹ 16:16-20 | അപ്പ 18:1-8 |
| 27 വെള്ളി | യോഹ 16:20-23a | അപ്പ 18:9-18 |
| 28 ശനി | യോഹ 16:23b-28 | അപ്പ 18:23-28 |
| 29 ഞായർ | ലൂക്ക 24:46-53 | അപ്പ 1:1-11, ഹെബ്രാ 9:24-28, 10:19-23 |
| 30 തിങ്കൾ | യോഹ 16:29-33 | അപ്പ 19:1-8 |
| 31 ചൊവ്വ | ലൂക്ക 1:39-56 | സെഫാ 3:14-18 or റോമാ 12:9-16b |
| 01 ബുധൻ | യോഹ 17:11b-19 | അപ്പ 20:28-38 |
| 02 വ്യാഴം | യോഹ 17:20-26 | അപ്പ 22:30, 23:6-11 |
| 03 വെള്ളി | യോഹ 21:15-19 | അപ്പ 25:13-21 |
| 04 ശനി | യോഹ 21:20-25 | അപ്പ 28:16-20, 30-31 |
| 05 ഞായർ | യോഹ 20:19-23 | അപ്പ 2:1-11, 1 കോറി 12:3b-7, 12-13 |

*7-ാം പേജിന്റെ തുടർച്ച.......*

ആയിടെ തന്റെ തറവാട്ടിൽ ഉണ്ടായ ദുരന്തങ്ങൾക്കും കൃഷി നാശത്തിനും ഒക്കെ കാരണം നീലകണ്ഠന്റെ മതംമാറ്റം മൂലമുണ്ടായ ദേവീകോപമാണെന്ന് വ്യാഖ്യാനം ഉണ്ടായി. ബന്ധുക്കളും, സുഹൃത്തുക്കളും അത് രാജസന്നിധിയിലെത്തിച്ചു. അങ്ങനെ അദ്ദേഹം രാജകോപത്തിനുമിരയായി വിവരിക്കാനാവാത്ത പീഢനങ്ങളും നിന്ദനങ്ങളും അപമാനങ്ങളുമേറ്റ് തന്റെ രക്ഷകനും നാഥനുമായ ക്രിസ്തുവിന്റെ പീഢാസഹനങ്ങളുടെ പങ്ക്പറ്റിക്കൊണ്ട് 1752 ജനുവരി 14-ാം തീയതി, ദൈവസഹായം ക്രിസ്തുവിന്റെ രക്തസാക്ഷിയായി. 40-ാം വയസിൽ രക്തസാക്ഷിത്വം പുൽകുമ്പോൾ, ദൈവസഹായം എന്ന കത്തോലിക്ക വിശ്വാസിക്ക് വിശ്വാസ ജീവിതത്തിൽ 7 വർഷം മാത്രം പ്രായം. അതിൽ 3 വർഷക്കാലം പീഡാസഹനകാലവും.

ഇപ്പോഴിതാ തന്റെ സഹനങ്ങൾക്ക് പ്രതിഫലം നൽകിക്കൊണ്ട് നല്ല ദൈവം അദ്ദേഹത്തെ അൾത്താരയിലെ വണക്കത്തിനായി പ്രതിഷ്ഠിക്കുന്നു.




**അല്മായർക്കും ഇനി സഭാ ഭരണ നേതൃത്വം:** ഫ്രാൻസിസ് പാപ്പ സ്ഥാനമേറ്റതിന്റെ 9-ാം വാർഷികവും വി. യൗസേപ്പ് പിതാവിന്റെ തിരുന്നാൾ ദിനവുമായ മാർച്ച് 19-ന് പാപ്പ ഒപ്പ് വച്ച 'പ്രേഡിക്കേറ്റ് ഇവാൻജലിയം' (ദൈവവചനം പ്രഘോഷിക്കുക) എന്ന പുതിയ ഭരണരേഖ പ്രകാരം വത്തിക്കാന്റെ ഭരണ സംവിധാനമായ കൂരിയ യിൽ ഇനിമേൽ ഏത് കത്തോലിക്ക വിശ്വാസിക്കും, വനിതകൾ ഉൾപ്പെടെ, നേതൃസ്ഥാനം വഹിക്കാൻ കഴിയും. ഈ ഭരണരേഖ പെന്തക്കുസ്തദിനമായ ജൂൺ 5-ന് നിലവിൽവരും.

1988-ൽ ജോൺപോൾ രണ്ടാമൻ പാപ്പ പ്രാബല്യത്തിലാക്കിയ 'പാസ്തർ ബോനൂസ്' എന്ന അപ്പസ്തോലിക രേഖക്ക് പകരമായി രിക്കും ഈ രേഖ. നീണ്ട വർഷങ്ങളിലെ പഠനത്തിനും ചർച്ചകൾക്കും ശേഷമാണ് ഫ്രാൻസിസ് പാപ്പ ഈ രേഖയിൽ ഒപ്പ് വച്ചത്. പുതിയ ഭരണരേഖ അനുസരിച്ച് എല്ലാ കത്തോലികർക്കും വചന പ്രഘോ ഷണത്തിന് ഉത്തരവാദിത്വം ഉണ്ടായിരിക്കും. പാപ്പ മുതൽ മെത്രാ ന്മാർ, വൈദീകർ, സന്യസ്തർ തുടങ്ങി അല്മായർ ഉൾപ്പെടെ സഭ യിലെ എല്ലാ അംഗങ്ങളും ഇത് നിർവ്വഹിക്കാൻ ചുമതലപ്പെട്ടവരാണ്.

## ഇടവക കുടുംബത്തിൽ നിന്നും സ്വർഗ്ഗീയ കുടുംബത്തിലേക്ക് വിളിക്കപ്പെട്ടവർ

| | | |
|---|---|---|
| 09.03.2022 | ക്രിസ്റ്റിൻ ജോസഫ് | വി. ചാൾസ് ബൊറോമിയ യൂണിറ്റ് |
| 09.03.2022 | സുനിൽ ജോൺസൺ | വി. ചാൾസ് ബൊറോമിയ യൂണിറ്റ് |
| 16.03.2022 | കിളിമാസ് | വി. ആഗ്നസ് യൂണിറ്റ് |
| 16.03.2022 | ജോസഫ് | വി. പയസ് യൂണിറ്റ് |
| 23.03.2022 | അപ്പിയമ്മ | വി. ജൂഡ് യൂണിറ്റ് |
| 17.04.2022 | ഡോ. മേരി മൊറായിസ് | വി. ലൂയിസ് യൂണിറ്റ് |
| 18.04.2022 | സിസിലി സെബാസ്റ്റ്യൻ | വി. അലോഷ്യസ് യൂണിറ്റ് |



ഓശാന ഞായർ പ്രദക്ഷിണം



പെസഹ വ്യാഴാഴ്ചയിലെ പാദം കഴുകൽ




## 2022 മേയ് മാസത്തിലെ ഞായറാഴ്ചകളിൽ ദിവ്യബലിക്ക് ക്രമീകരണ നേതൃത്വം നടത്തേണ്ട ബി.സി.സി.യൂണിറ്റുകൾ

**01.05.2022**

7.00 am വി. ചാൾസ് ബെറോമിയോ
8.45 am വി. സൈമൺ

**08.05.2022**

7.00 am ഇൻഫന്റ് ജീസസ്
8.45 am വി. ജോൺ ബോസ്ക്കോ

**15.05.2022**

7.00 am വി. എഫ്രേം
8.45 am വി. ജൂഡ്

**22.05.2022**

7.00 am വി. ബ്രിജിറ്റ്
8.45 am വി. സിറിൽ

**29.05.2022**

7.00 am വി. മാർക്ക്
8.45 am വി. ജെയിംസ്

**05.06.2022**

7.00 am വി. മേരി
8.45 am വി. ആൻസ്



# 2022 മേയ് മാസത്തെ
# ബി.സി.സി. യൂണിറ്റ് യോഗക്രമം

**"കൂട്ടായ്മ അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ ഉറവിടം"**

**1. പരിശുദ്ധാത്മാവിന്റെ ഗാനം**

**2. സ്വാഗതം**

**3. യേശുവിനെ ക്ഷണിക്കൽ**

**4. ആമുഖം**

സ്വഭാവത്താലെ പ്രേഷിതയായ സഭ അവളുടെ ദിവ്യമണവാള നോട് ചേർന്ന് നില്ക്കുവാനും പ്രേഷിത ചൈതന്യം സ്വീകരിക്കുവാനും ആവശ്യമായ ശ്രദ്ധ വേണ്ടിടത്ത് രൂപപ്പെടുത്തുവാനുമുള്ള ഉൾവിളി യാണ് ഇവിടെ ക്രമീകരിക്കുന്നത്. കുടുംബത്തിൽ പക്വത പ്രാപിക്കുന്ന പ്രേഷിത പ്രർത്തനത്തിന് മാത്രമേ ലോകത്തിൽ ക്രിയാത്മകമായി പ്രേഷിത പ്രവർത്തനം നിർവ്വഹിക്കാൻ കഴിയൂ. പതിനാറാമത് മെത്രാ ന്മാരുടെ സിനഡ് നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുതിയൊരു ഉണർവ്വും, ഉന്മേഷവും, ഉത്സാഹവും നല്കുന്നു. നമുക്കൊരുമിച്ച് സഞ്ച രിക്കാം, പരസ്പരം ശ്രവിക്കാം.

**5. വചനഗീതി**

**6. ദൈവവചനപാരായണം: 2 പത്രോസ് 1:3-8**

**7. വചനവിചിന്തനം**

ചരിത്രത്തിൽ പരിശുദ്ധാത്മാവ് സഭയെ നയിച്ച വഴികളിലേ ക്കൊരു തിരിഞ്ഞുനോട്ടം വഴി സഭാ ജീവിതത്തിൽ എല്ലാവരെയും ഉൾക്കൊള്ളുകയും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സുവി

ശേഷ പ്രഘോഷണത്തിൽ പങ്കാളിത്തശൈലിയിലുള്ള ഉത്തരവാദിത്വം നിറവേറ്റുവാൻ ഫ്രാൻസിസ് പാപ്പ നമ്മെ സിനഡാത്മക സഭയിലേക്കു ക്ഷണിച്ചിരിക്കുകയാണല്ലോ. സഭയുടെ ബലമാണ് ഒരുമിച്ചുള്ള യാത്ര. സിനഡാത്മകത എന്ന മുഖ്യപ്രമേയത്തെ ശ്രവണത്തിലൂടെയും വിവേചനത്തിലൂടെയും കൂട്ടായ്മകളിൽ സാക്ഷാത്ക്കരിക്കാൻ പാപ്പ ആവശ്യപ്പെട്ടിരിക്കുന്നു.

"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്" (1 യോഹന്നാൻ 1:3). ദൈവവുമായുള്ള മനുഷ്യരുടെ ബന്ധം കൂട്ടായ്മയെ രൂപപ്പെടുത്തി നയിക്കുകയും വളർത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നു. 'ചിന്തയാണ് എല്ലാ പ്രവൃത്തിയുടെയും ആരംഭം; എല്ലാ ഉദ്യമവും ആലോചനയുടെ തുടർച്ചയാണ്. ചിന്ത ഹൃദയത്തിൽ വേരൂന്നിയിരിക്കുന്നു. അതിനു നാലു ശാഖകളുണ്ട്, നന്മയും തിന്മയും ജീവനും മരണവും; നാവാണ് ഇവയുടെ നിയന്താവ്. (പ്രഭാഷകൻ 37:16-18) ബുദ്ധിമകൊണ്ട് കൂട്ടായ്മയെ വളർത്തുക അപകടകരമാണ്, ഹൃദയം കൊണ്ട് അയൽക്കാരെ സ്നേഹിച്ചും, പരിചരിച്ചും, ശ്രവിച്ചും - നാവിനെ ചിന്തകളെ നിയന്ത്രിച്ചും അരൂപിയുടെ ചൈതന്യത്തിൽ കൂട്ടായ്മ രൂപപ്പെടുത്താം... പരദൂഷകനും ഏഷണിക്കാരനും ശപിക്കപ്പെട്ടവർ, സമാധാനത്തിൽ കഴിഞ്ഞിരുന്ന അനേകരെ അവർ നശിപ്പിച്ചിട്ടുണ്ട്. അപവാദം അനേകരെ തകർക്കുകയും, ദേശാന്തരങ്ങളിലേക്കു ചിതറിക്കുകയും ചെയ്തിട്ടുണ്ട്. അപവാദത്തിനു ചെവികൊടുക്കുന്നവൻ സ്വസ്ഥത അനുഭവിക്കുകയോ സമാധാനത്തിൽ കഴിയുകയോ ചെയ്യുകയില്ല. (പ്രഭാഷകൻ 28:13-15). കുടുംബ കൂട്ടായ്മകളെ തകർക്കുന്ന ബാലിശവും മാനുഷികവുമായ പാപസാഹചര്യങ്ങളെ പ്രാർത്ഥനയുടെയും മനുഷ്യബന്ധങ്ങളുടെയും പിൻബലത്താൽ തച്ചുടച്ച് നമുക്കിടയിലുള്ള സഹോദര്യത്വം ക്രിസ്തു അംഗീകരിക്കുന്ന വിധത്തിൽ രൂപപെപടുത്താം. 'ചിലർ സാധാരണയായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ പരസ്പരം പ്രോത്സാഹിപ്പിക്കുകയാണ് ചേയ്യേണ്ടത്" (ഹെബ്രായർ 10:26). നാം നമ്മെത്തന്നെ അറിയുന്നത് കൂട്ടായ്മയിലൂടെയാണ്. നാം

സാമൂഹിക ജീവികളാണ്. മറ്റുള്ളവരുമായി ബന്ധപ്പെട്ടു ഒരുമിച്ചു സഞ്ചരിക്കുമ്പോഴാണ് ജീവിതമാകുന്ന ബലി പൂർത്തീകരിക്കുവാനും പ്രയാസങ്ങളും വീഴ്ചകളും യാത്രകളെ തടസ്സപ്പെടുത്താതെ മുന്നോട്ട് നയിക്കുക. കുടുംബ കൂട്ടായ്മ ഒരു ദൈവീക അനുഭവമാണ്. ദൈവം മനുഷ്യരെ കാണാനെത്തിയ ഇടമാണ് കൂട്ടായ്മ. 'ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ടു ഞാൻ നിന്നെ താങ്ങി നിർത്തും" (ഏശയ്യാ 41:10-11). കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്. ഞാൻ ആരെ പേടിക്കണം (സങ്കീ. 27.1) കർത്താവ് വചനത്താൽ സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചു. അവിടുത്തെ വചനമാണ് കൂട്ടായമകളുടെ ആത്മാവ്. നാം അവിടുത്തെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഒരുമിച്ചു വളരാം. യേശുക്രിസ്തുവിന്റെ പാതകളിലൂടെ മുന്നേറാം അയൽക്കാരെ സ്നേഹിച്ചും (ലൂക്കാ 10:29), തഴക്കപ്പെട്ടവരെ അംഗീകരിച്ചും (യോഹന്നാൻ 4:14), പാപികളെ സ്നേഹിച്ചു (യോഹന്നാൻ 8:11), രോഗികൾക്കാണ് ദൈവത്തെ ആവശ്യം, നീതിമാൻമാരെയല്ലാ പാപികളെ കൂട്ടായ്മയിൽ ക്ഷണിച്ചുകൊണ്ട് ഹൃദയം കൊണ്ട് ബി.സി.സി. കൂട്ടായ്മകൾക്ക് ശക്തിപകരാം.

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. ചർച്ച**

a. ബി.സി.സി. കൂട്ടായ്മകളെ ആകർഷകമാക്കാൻ വരുത്തേണ്ട മാറ്റങ്ങളേവ?

b. ഏതെല്ലാം വഴികളിലൂടെ, അകന്ന് നിൽക്കുന്ന വ്യക്തികളെ/ കുടുംബങ്ങളെ ശ്രവിച്ചുകൊണ്ട് കൂട്ടായ്മയെ ശക്തിപ്പെടുത്താം.

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സമാപനഗാനം**

**14. നന്ദി**

# മേയ് മാസത്തെ പ്രധാന തിരുനാളുകൾ

**മേയ് 3 – ശ്ലീഹന്മാരായ വി. ഫിലിപ്പും യാക്കോബും**

**വി. ഫിലിപ്പ്:** വിവാഹിതനും പെൺമക്കളുടെ പിതാവുമായ വി. ഫിലിപ്പ് ദൈവസ്നേഹമാണ് തീവ്രമായി ആഗ്രഹിച്ചിരുന്നത്. പെന്തക്കോസ്ത കഴിഞ്ഞ് അദ്ദേഹം ഫ്രീജിയായിൽ സുവിശേഷ പ്രസംഗിക്കുകയും ഹീറാപ്പോളീസിൽ വച്ച് രക്തസാക്ഷിത്വ മകുടം ചൂടുകയും ചെയ്തു.

**വി. ചെറിയ യാക്കോബ്:** പ്രവർത്തി കൂടാതെയുള്ള വിശ്വാസം നിർജീവമാണ്, നാവ് ശരിയായി ഉപയോഗിക്കുന്നവർ പരിപൂർണ്ണരായിരിക്കും. എന്നീ വിശിഷ്ടതത്വങ്ങളെ പ്രഘോഷിച്ച വി. യാക്കോബ് ബൈബിളിലെ യാക്കോബ് എഴുതിയ ലേഖനത്തിന്റെ കർത്താവാണ്. പെസഹാതിരുന്നാൾ ദിവസമാണ് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം.

**മേയ് 6 – വി. ഡോമനിക്ക് സാവിയോ:** യുവാക്കൾക്ക് മാതൃകയും ഉത്തേജനവുമായിട്ടാണ് വി. ഡോമിനിക്ക് സാവിയോയെ തിരുസഭ നാമകരണം ചെയ്തിട്ടുള്ളത്. 15 വയസ്സുവരെ മാത്രം ജീവിച്ച ഈ ബാലനെ 2–ാം പീയൂസ് പാപ്പ 1954 ജൂൺ 12–ാം തീയതി വിശുദ്ധനായി പ്രഖ്യാപിച്ചു.

**മെയ് 26 – വി. ഫിലിപ്പ് നേരി:** "ഇന്നു ഞാൻ പൂർത്തിയാക്കിക്കൊള്ളട്ടെ; നാളത്തെ കാര്യം എനിക്ക് ഭയമില്ല" എന്നു പ്രാർത്ഥിച്ചിരുന്ന വി. ഫിലിപ്പ് നേരിയുടെ പ്രധാന പ്രവർത്തന മേഖല ദൈവാലയ സന്ദർശനവും ആശുപത്രി സന്ദർശനവുമാണ്.

**മെയ് 31 – ദൈവമാതാവ് വി. എലിസബത്തിനെ സന്ദർശിക്കുന്നു. :** എലിസബത്തിന്റെ ഉദരത്തിലെ ശിശു പരി. മറിയത്തിന്റെ അഭിവാദനം ശ്രവിച്ച മാത്രയിൽ തുള്ളിച്ചാടുകയും അവൾ പരിശുദ്ധാത്മാവിനാൽ പൂരിതയാവുകയും ചെയ്തു. ദൈവമാതാവായിരുന്നിട്ടും എളിയ സഹോദരിയെ സന്ദർശിച്ച മറിയം പ്രദർശിപ്പിച്ച എളിമയും ഉപവിയും നമുക്ക് ഉത്തേജനമായിരിക്കട്ടെ.



# മേയ് മാസത്തെ ബി.സി.സി യൂണിറ്റ് യോഗങ്ങൾ

| വാർഡ് | യൂണിറ്റിന്റെ പേര് | തീയതി | സമയം | സ്ഥലം |
| --- | --- | --- | --- | --- |
| പാളയം | വിശുദ്ധ ജെമ്മാഗൽഗാനി | 15.05.2022 | 3.30 pm | റോബിൻ |
| | വിശുദ്ധ മാത്യു | | 4.30 pm | |
| | വിശുദ്ധ ആൻസ് | | | |
| | വിശുദ്ധ ബെനഡിക്റ്റ് | | 6.30 pm | |
| | വിശുദ്ധ എലിസബത്ത് | | 6.00 pm | |
| | വിശുദ്ധ ജോൺ ബ്രിട്ടോ | | 6.30 pm | |
| | വിശുദ്ധ അലോഷ്യസ് | | | |
| | വിശുദ്ധ ജോസഫ് | 14.05.2022 | 5.30 pm | ജോസഫ് പി.ജെ. |
| | വിശുദ്ധ ലൂയിസ് | 10.04.2022 | 6.00 pm | ഇടവക ആഡിറ്റോറിയം |
| സെക്രട്ടറിയേറ്റ് | വിശുദ്ധ ജെയിംസ് | | | |
| | വിശുദ്ധ മേരീസ് | | | |
| | വിശുദ്ധ ക്ലാര | | | |
| | വിശുദ്ധ ബെർണാഡ് | | | |
| | വിശുദ്ധ അൽഫോൻസ | | | |
| ജൂബിമംഗലം | വിശുദ്ധ ജെറോം | | | |
| | വിശുദ്ധ ട്രീസ ഓഫ് ചൈൽഡ് ജീസസ് | 08.05.2022 | 5.00 pm | ഡെന്നിസ് ഫെർണാന്റസ് |
| | വിശുദ്ധ ഫ്രാൻസിസ് അസ്സീസി | | | |
| | വിശുദ്ധ ഡാമിയൻ | | | |
| | വിശുദ്ധ കാതറിൻ | | | |
| | വിശുദ്ധ മാർക്ക് | | | |
| | വിശുദ്ധ സിറിൾ | | | |
| | വിശുദ്ധ വിൻസെന്റ് ഡി പോൾ | | | |

| വാർഡ് | യൂണിറ്റിന്റെ പേര് | തീയതി | സമയം | സ്ഥലം |
|---|---|---|---|---|
| കുന്നുകുഴി വെസ്റ്റ് | വിശുദ്ധ ജോൺ ബോസ്ക്കോ | 07.05.2022 | 6.00 pm | ജെറ്റൂലിയൻ ഫെർണാണ്ടസ് |
| | ഇൻഫന്റ് ജീസസ്സ് | 07.05.2022 | 6.00 pm | ജോജിക്കുട്ടി |
| | വിശുദ്ധ എഫ്രേം | | | |
| | വിശുദ്ധ ബ്രിജിറ്റ് | | | |
| | വിശുദ്ധ മൈക്കിൾ | 22.05.2022 | | ഹില്ലാരി. ടി |
| | വിശുദ്ധ സൈമൺ | 14.05.2022 | 5.45 pm | പാട്രിക് ബാബു |
| | വിശുദ്ധ ചാൾസ് ബെറോമിയോ | 14.05.2022 | 6.30 pm | എസ്. വർഗ്ഗീസ് |
| | വിശുദ്ധ ജൂഡ് | 07.05.2022 | 6.00 pm | ദാസ് ജോസഫ് |
| | വിശുദ്ധ മദർതെരേസ | | | |
| കുന്നുകുഴി ഈസ്റ്റ് | വിശുദ്ധ മോനിക്ക | | | |
| | വിശുദ്ധ പാട്രിക്ക് | | | |
| | വിശുദ്ധ ജോർജ്ജ് | | | |
| | വിശുദ്ധ ഗബ്രിയേൽ | | | |
| | വിശുദ്ധ ഡൊമിനിക് | | | |
| | വിശുദ്ധ സെബാസ്റ്റ്യൻ | 08.05.2022 | 5.00 pm | ക്ലീറ്റസ് |
| | വിശുദ്ധ പയസ് | | | |
| | വിശുദ്ധ ആഗ്നസ് | | | |
| പട്ടം | വിശുദ്ധ ഫിലിപ്പ് | | | |
| | വിശുദ്ധ പീറ്റർ | 14.05.2022 | 6.30 pm | തോമസ്. ജെ. ആർ. |
| | വിശുദ്ധ റോബർട്ട് | | | |
| | വിശുദ്ധ ആന്റണി | | | |
| | വിശുദ്ധ മാർട്ടിൻ | 14.05.2022 | 5.30 pm | സി. ടെന്നിസൻ AN 239 |
| | വിശുദ്ധ പോൾ | | | |
| | വിശുദ്ധ ജോൺ ദി ബാപ്റ്റിസ്റ്റ് | | | |
| | വിശുദ്ധ ഇഗ്നേഷ്യസ് ലയോള | | | |

*കുറിപ്:* ഓരോ മാസവും 20-ാം തീയതിക്ക് മുൻപ് അടുത്ത മാസത്തെ യൂണിറ്റ് യോഗത്തിന്റെ വിവരങ്ങൾ കടലാസിൽ എഴുതി ഓഫീസിനു സമീപമുള്ള ബി.സി.സി. ലെറ്റർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

# IN LOVING MEMORY OF



**M. Antony**
Died 11.05.2007

"I am the resurrection and the life; those who believe in the will live even though they die"
(John 11:25)
Merciful Lord Grant him ever eternal rest
Deeply Mourned by
Nirmala Antony, Jose Antony, Shibi Jose, Jovan Jose Elsa Jose
*(St. Paul unit)*





## പാവനസ്മരണയ്ക്ക്
## 17-ാം ചരമ വാർഷികം

“ഞാനാണ് പുനരുത്ഥാനവും
ജീവനും. എന്നിൽ
വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും”
(യോഹ. 11:25)



**മണിയൻ കെ.**
**മരണം: 13.05.2005**

“ദയാപരനായ കർത്താവേ, ഈ ആത്മാവിന് നിത്യശാന്തിയും സമാധാനവും നല്കി അനുഗ്രഹിക്കണമേ.”

ദുഃഖിതരായ കുടുംബാംഗങ്ങൾ
*സെന്റ് മദർതെരേസ യൂണിറ്റ്*

## സ്നേഹസ്മരണയ്ക്ക്
## വേർപാടിന്റെ 30-ാം ദിനം





"അവിടുത്തെ നന്മയും
കരുണയും ജീവിതകാലം
മുഴുവൻ എന്നെ അനുഗ
മിക്കും കർത്താവിന്റെ
ആലയത്തിൽ ഞാൻ
എന്നേക്കും വസിക്കും"
(സങ്കീ: 23:6)

**അപ്പിയമ്മ**
മരണം: 23.03.2022

ദുഃഖിതരായ കുടുംബാംഗങ്ങൾ
സെന്റ് ജൂഡ് യൂണിറ്റ്

## *സ്നേഹസ്മരണയ്ക്ക്*
## *വേർപാടിന്റെ 15-ാം വാർഷികം*

ദയാപരനായ കർത്താവേ,
ഈ ആത്മാവിന് നിത്യശാന്തിയും
സമാധാനവും നല്കി
അനുഗ്രഹിക്കണമേ.



*മറക്കാൻ കഴിയാത്ത*
*ഓർമ്മകളുമായി*
*ദുഃഖിതരായ കുടുംബാംഗങ്ങൾ*


*സെന്റ് മാർക്ക് യൂണിറ്റ്*



**എലിസബത്ത് എ. പെരേര**
ജനനം: 28.09.1935
മരണം: 29.05.2007

## സ്നേഹസ്മരണയ്ക്ക്

ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ. 11:25)





**പി. സെബാസ്റ്റ്യൻ** — മരണം: 14.05.2021

**ക്ലേരമ്മ** — മരണം: 30.07.2013

*ദുഃഖിതരായ കുടുംബാംഗങ്ങൾ*

## 4-ാം ചരമവാർഷികം



**എം. ശവരിമുത്തു**

**മരണം: 10.05.2018**

"ജീവനും പുനരുത്ഥാനവും ഞാനാകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."
(യോഹ. 11:25)

പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് മരിക്കാത്ത ഓർമ്മകളോടെ

*ഭാര്യ : റോസമ്മ കെ.*

*മക്കൾ : അലക്സാണ്ടർ, ഫിലോമിന, എലിസബത്ത്*

*മരുമക്കൾ: ജയ, അംബ്രോസ്, ജനാർദ്ധനൻ*



# 1st DEATH ANNIVERSARY



Deeply mourned by
Sorrowing Family
(St. Peter Unit)
SRA-19
T.C. 12/1079
Law College Road
Barton Hill,
Thiruvananthapuram



**MATHEW PEREIRA**
Born on : 24-01-1915
Died on 16-05-2021

# 6th Death Anniversary



**SEBASTIAN C. (Rtd S.I)**
Died on : 05.05.2017

"I am the resurrection and the life whoever believes in me will live, even though he dies" (John 11:25)
Merciful Lord grant the eternal rest

Deeply Mourned by
*Sorrowing Family Members*
Lissy Kutty, Reshma.L.,
Roshni L., Pradeesh Lal,
Eva Pradeesh, Evan Pradeesh

## 10–ാം ചരമ വാർഷികം





## എസ്. സൂസൈയ് രാജ്

ജനനം: 12.12.1950

മരണം: 23.05.2012 (62)

### കുടുംബാംഗങ്ങൾ

| | |
|---|---|
| *ഭാര്യ* | *: എസ്. ഡോളി രാജ്* |
| *മക്കൾ* | *: അൽഫോൺസ മേരി (സോണി)* |
| | *സഹായ മേരി (സൗമ്യ. എസ്)* |
| | *മേരി ട്രീസ (സംഗീത)* |
| *മരുമക്കൾ* | *: ആരോഗ്യ ദാസൻ* |
| | *ശിവപാത മുത്തു* |
| | *സുബാഷ്* |
| *ചെറുമക്കൾ* | *: കെൽവിൻ ബെനഡിക്റ്റ്* |
| | *നികിറ്റ. എസ്. (ശിവാനി. എസ്),* |
| | *ലെവിൻ ജോഷ്വ* |
| | *റ്റാനിയ. എസ് (വിശ്വനി. എസ്)* |